# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 14

## വാർത്താക്കുറിപ്പ്

---

## എം.ജി.യിൽ ബിരുദ പ്രവേശനം: ഏകജാലക ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന (മെയ് 15) മുതൽ

**– മെയ് 28ന് വൈകീട്ട് നാലുവരെ അപേക്ഷിക്കാം**

**– ആദ്യ അലോട്ട്മെന്റ് ജൂൺ ആറിന്**

മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലകം വഴിയുള്ള പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (മെയ് 15) ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കാം. മെയ് 27 ന് വൈകീട്ട് നാലുവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ UGCAP 2019 എന്ന ലിങ്കിലൂടെ പ്രവേശിച്ച് രജിസ്ട്രേഷൻ നടത്താം. രജിസ്ട്രേഷൻ ഫീസ് 750 രൂപ (എസ്.സി/എസ്.ടി വിഭാഗത്തിന് 375 രൂപ).

ഓൺലൈനായാണ് ഫീസടയ്ക്കേണ്ടത്. ഓൺലൈൻ പേമെന്റ് ഗേറ്റ് വേ വഴി അപേക്ഷകർക്ക് ബാങ്കുകളിൽ പോകാതെ ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ച് 24 മണിക്കൂറും ഫീസ് അടയ്ക്കാം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്മെന്റും മെയ് 30ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്മെന്റ് ജൂൺ ആറിനും രണ്ടാം അലോട്മെന്റ് ജൂൺ 15നും പ്രസിദ്ധീകരിക്കും.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിച്ചശേഷം പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ നേരിട്ട് നൽകണം. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിച്ചശേഷം പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ നേരിട്ട് സമർപ്പിക്കണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടാകളിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

ഭിന്നശേഷി/സ്പോർട്സ്/കൾച്ചറൽ ക്വാട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്ത സീറ്റുകളിലേക്ക് മെയ് 24നകം അപേക്ഷ നൽകണം. ഈ സീറ്റുകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് മെയ് 25ന് പ്രസിദ്ധീകരിക്കും. രേഖകളുടെ പരിശോധന അതത് കോളേജുകളിൽ മെയ് 27, 28 തീയതികളിൽ നടക്കും.

ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി വിപുലമായ സംവിധാനങ്ങൾ സർവകലാശാല ഇൻഫർമേഷൻ സെന്ററുകളിലും ഒരുക്കിയിട്ടുണ്ട്. അക്ഷയ സെന്ററുകൾ വഴിയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. അഫിലിയേറ്റഡ് കോളേജുകളിൽ ഏകജാലക ഹെൽപ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ബിരുദത്തിന് 57,009 സീറ്റ്; ഏറ്റവുമധികം ബി.കോമിന്

മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ മൊത്തം 57,009 ബിരുദ സീറ്റുകളാണുള്ളത്. ക്യാപിലൂടെ 32,264 സീറ്റിലേക്ക് പ്രവേശനം നടക്കും. ഇതുകൂടാതെ 22,852 മാനേജ്മെന്റ് സീറ്റും 1,893 മാനേജ്മെന്റ് ക്വാട്ട സീറ്റുമുണ്ട്. 17 വിവിധ പ്രോഗ്രാമുകളുള്ള ബി.കോമിനാണ് ഏറ്റവുമധികം

സീറ്റ് - 22,424. ക്യാപിലൂടെ 11,866 സീറ്റിലേക്കാണ് പ്രവേശനം. കൂടാതെ 10,249 മാനേജ്മെന്റ് സീറ്റും 309 കമ്മ്യൂണിറ്റി ക്വാട്ടയുമുണ്ട്.

41 വിവിധ പ്രോഗ്രാമുകളുള്ള ബി.എസ്‌സി.യ്ക്ക് 13,264 സീറ്റാണുള്ളത്. ക്യാപ് - 8,261, മാനേജ്മെന്റ് - 4,181, കമ്മ്യൂണിറ്റി ക്വാട്ട - 822 എന്നിങ്ങനെയാണ് സീറ്റ്. 50 വിവിധ പ്രോഗ്രാമുകളുള്ള ബി.എ.യ്ക്ക് മൊത്തം 11,071 സീറ്റാണുള്ളത്. ക്യാപ് - 6,901, മാനേജ്മെന്റ് - 3,131, കമ്മ്യൂണിറ്റി - 639 എന്നിങ്ങനെയാണ് സീറ്റ്. ബി.വോകിന് 286 (ക്യാപ്), 286 (മാനേജ്മെന്റ്) സീറ്റാണുള്ളത്. ബി.സി.എ.യ്ക്ക് 4,040 സീറ്റാണുള്ളത്. ക്യാപ് - 2,077, മാനേജ്മെന്റ് - 1,910, കമ്മ്യൂണിറ്റി - 53 എന്നിങ്ങനെയാണ് സീറ്റ്. ബി.ബി.എ.യ്ക്ക് 4,518 സീറ്റാണുള്ളത്. ക്യാപ് - 2,309, മാനേജ്മെന്റ് - 2,156, കമ്മ്യൂണിറ്റി - 53. ബി.എസ്.ഡബ്ല്യു.വിന് 146 സീറ്റാണുള്ളത്. ക്യാപ് - 73, മാനേജ്മെന്റ് - 73. ബി.ബി.എമ്മിന് 290 സീറ്റാണുള്ളത്. ക്യാപ് - 153, മാനേജ്മെന്റ് 133, കമ്മ്യൂണിറ്റി - 4. ബി.പി.എഡിന് 94 സീറ്റാണുള്ളത്. ക്യാപ് - 47, മാനേജ്മെന്റ് - 47. ബി.ടി.ടി.എമ്മിന് 324 സീറ്റാണുള്ളത്. ക്യാപ്-167, മാനേജ്മെന്റ് - 147, കമ്മ്യൂണിറ്റി - 10. ബി.എച്ച്.എമ്മിന് - 120 സീറ്റാണുള്ളത്. ക്യാപ് - 60, മാനേജ്മെന്റ് - 60. ബി.എഫ്.ടി.ക്ക് 128 സീറ്റാണുള്ളത്. ക്യാപ് - 64, മാനേജ്മെന്റ് - 64.

(പി.ആർ.ഒ./39/855/2019)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ് - 2011 അഡ്മിഷൻ സപ്ലിമെന്ററി)/ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2014 അഡ്മിഷൻ റഗുലർ, 2012, 2013 അഡ്മിഷൻ സപ്ലിമെന്ററി), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ സപ്ലിമെന്ററി, 2014 അഡ്മിഷൻ റഗുലർ), ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ സപ്ലിമെന്ററി, 2014 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജൂൺ 12ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 16 വരെയും 500 രൂപ പിഴയോടെ 17 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/856/2019)

## ബി.എ./ബി.കോം (പ്രൈവറ്റ്) നോഷണൽ രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു

ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) 2016 അഡ്മിഷൻ, സി.ബി.സി.എസ്.എസ്. സ്കീം പ്രകാരം 2017ൽ ഒന്നും രണ്ടും സെമസ്റ്ററുകളും 2018ൽ മൂന്നും നാലും സെമസ്റ്ററുകളും പൂർത്തിയാക്കുകയും 2019 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ പരീക്ഷകൾക്ക് ഫീസടച്ച് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുമായ വിദ്യാർഥികൾക്ക് നോഷണൽ രജിസ്ട്രേഷൻ നടത്തി, തങ്ങൾ പഠിച്ച സ്കീമിൽത്തന്നെ കോഴ്സ് പൂർത്തിയാക്കാൻ അവസരം. 3450 രൂപയാണ് ഫീസ്. ജൂൺ 11 വരെ അപേക്ഷിക്കാം. അപേക്ഷാഫോറം 115 ആണ് ഉപയോഗിക്കേണ്ടത്. 2020 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന അഞ്ചും ആറും സെമസ്റ്റർ പരീക്ഷയ്ക്കായി റീഅഡ്മിഷൻ നേടുന്നവർ പുതിയ സി.ബി.സി.എസ്. (2017 അഡ്മിഷൻ) സ്കീമിലാണ് പരീക്ഷയെഴുതേണ്ടത്. ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്ററുകൾ പുതിയ സി.ബി.സി.എസ്. സ്കീമിൽത്തന്നെ പുനഃപരീക്ഷകൾ എഴുതുകയും വേണം. വിശദവിവരത്തിന് ഫോൺ: 0481-2733690 (ബി.കോം), 2733256 (ബി.എ.), 2731020 (എൻക്വയറി).

(പി.ആർ.ഒ./39/857/2019)

## എം.ജി.യിൽ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി.
## പ്രവേശനം: മേയ് 17 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പ്രോഗ്രാം പ്രവേശനത്തിന് അപേക്ഷിക്കാം. യോഗ്യത: 50 ശതമാനം മാർക്കോടെ അംഗീകൃത ഹയർസെക്കൻഡറി/പ്ലസ് ടു പരീക്ഷ ജയം(എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 45 ശതമാനം മാർക്ക്). ജൂലൈ ഒന്നിന് 20 വയസ് കവിയരുത്(എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 21 വയസ്). പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.

അപേക്ഷ www.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അവസാനവർഷ പരീക്ഷ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രവേശനസമയത്ത് മാർക്ക് ലിസ്റ്റ് നൽകണം. 660 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈനായാണ് ഫീസ് അടയ്ക്കേണ്ടത്. എസ്.സി./എസ്.ടി. വിഭാഗക്കാർ രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനം അടച്ചാൽ മതി.

രജിസ്ട്രേഷൻ ഫീസിന്റെ ഇ-പേയ്മെന്റ് രസീതും സ്വന്തംമേൽവിലാസമെഴുതി അഞ്ചുരൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം പൂരിപ്പിച്ച അപേക്ഷ മേയ് 17നകം വകുപ്പ് മേധാവി, സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവകലാശാല, സൂര്യകാലടി ഹിൽസ്, നട്ടാശേരി, എസ്.എച്ച്. മൗണ്ട് പി.ഒ. കോട്ടയം -686006 എന്ന വിലാസത്തിൽ നൽകണം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2310165.

(പി.ആർ.ഒ./39/858/2019)

## പരീക്ഷഫലം

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. തമിഴ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 24 വരെ അപേക്ഷിക്കാം.

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ - 2017 അഡ്മിഷൻ) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/859/2019)

## ബേക്കിംഗ് വർക്‌ഷോപ്പ് 17ന്

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിന്റെ നേതൃത്വത്തിൽ മെയ് 17ന് ഏകദിന ബേക്കിംഗ് വർക്ഷോപ്പ് നടത്തുന്നു. പ്രശസ്ത പെയ്സ്ട്രി ഷെഫ് സജ്‌ന ജിഷാബ് ക്ലാസ്സെടുക്കും. വിവിധ ബേക്കിംഗ് രീതികളുടെ ക്ലാസ് നടക്കും. രാവിലെ ഒൻപതു മുതൽ വൈകീട്ട് ആറുവരെയാണ് ക്ലാസ്. ഫീസ് - 2500 രൂപ. വിശദവിവരത്തിന് ഫോൺ: 0481-2731560, 2731724, 9544981839.

(പി.ആർ.ഒ./39/860/2019)

## എം.ജി.യിൽ എൻ.എസ്.എസ്. വോളണ്ടിയർ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർക്കുള്ള സർട്ടിഫിക്കറ്റുകൾ ഇനി ഓൺലൈനായി. ക്യൂ ആർ കോഡോടുകൂടിയ സർട്ടിഫിക്കറ്റുകളാണ് എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ഓൺലൈനായി നൽകുന്നത്. ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കാം.

എൻ.എസ്.എസിന്റെ പുതുക്കിയ വെബ്‌സൈറ്റിന്റെയും ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും ഉദ്ഘാടനം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസ് നിർവഹിച്ചു. രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ ഓർഡിനേറ്റർ പ്രൊഫ.എം.ജെ. മാത്യു എന്നിവർ പങ്കെടുത്തു. അൻജു ഷറാബുദ്ദീനാണ് ഓൺലൈൻ സർട്ടിഫിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയത്.

2017-19 വർഷത്തെ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ അയച്ചുതുടങ്ങി. പ്രിൻസിപ്പൽമാർ www.nss.mgu.ac.in എന്ന വെബ്‌സൈറ്റിൽ ലോഗിൻ ചെയ്ത് എ4 ലെഡ്ജർ കടലാസിൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എടുത്ത് വിതരണം ചെയ്യണം. 2017-19 പെർഫോമിംഗ് വർഷത്തെ വോളണ്ടിയർ ഗ്രേസ് മാർക്കിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ മെയ് 21നകം എൻ.എസ്.എസ്. ഓഫീസിലെത്തിക്കണം.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല എൻ.എസ്.എസ്. സെല്ലിന്റെ വെബ്‌സൈറ്റിന്റെയും വോളണ്ടിയർ ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും ഉദ്ഘാടനം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എം. തോമസ് നിർവഹിക്കുന്നു**

(പി.ആർ.ഒ./39/861/2019)

## സിവിൽ സർവീസ് മെയിൻസ് ക്ലാസുകൾ ജൂൺ അഞ്ചു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ മെയിൻസിന്റെ ക്ലാസ്സുകൾ ജൂൺ അഞ്ചിന് ആരംഭിക്കും ജ്യോഗ്രഫി, പൊളിറ്റിക്കൽ സയൻസ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്,

ഇക്കണോമിക്സ്, സോഷ്യോളജി, മലയാളം, ഹിസ്റ്ററി, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ. താല്പര്യമുള്ളവർ മെയ് 27 ന് മുമ്പായി പേരും വിദ്യാഭ്യാസ യോഗ്യതയുമടങ്ങുന്ന അപേക്ഷ mgucivilservice@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 8129355732, 9496114094.

(പി.ആർ.ഒ./39/862/2019)

## സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ്

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സിവിൽ സർവീസ് പഠനത്തിന് താല്പര്യമുള്ള 10, 11, 12 ക്ലാസുകളിലെ വിദ്യാർഥികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസുകൾ മെയ് 25നും ബിരുദ ബിരുദാനന്തര തലത്തിലുള്ള വിദ്യാർഥികൾക്കായുള്ള ഓറിയന്റേഷൻ ക്ലാസുകൾ മെയ് 26നും നടക്കും. താല്പര്യമുള്ളവർ mgucivilservice@gmail.com എന്ന ഇമെയിൽ വിലാസത്തിൽ മെയ് 22ന് മുമ്പായി അപേക്ഷിക്കണം. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിശദവിവരത്തിന് ഫോൺ: 8129355732, 9496114094.

(പി.ആർ.ഒ./39/863/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 14

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ബിരുദ പ്രവേശനം: ഏകജാലക ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന (മെയ് 15) മുതൽ

**– മെയ് 27ന് വൈകീട്ട് നാലുവരെ അപേക്ഷിക്കാം**

**– ആദ്യ അലോട്ട്മെന്റ് ജൂൺ ആറിന്**

മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലകം വഴിയുള്ള പ്രവേശനത്തിന് ഓൺലൈൻ രജിസ് ട്രേഷൻ ഇന്ന് (മെയ് 15) ഉച്ചയ്ക്ക് രണ്ടിന് ആരംഭിക്കും. മെയ് 27 ന് വൈകീട്ട് നാലുവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ UGCAP 2019 എന്ന ലിങ്കിലൂടെ പ്രവേശിച്ച് രജിസ്ട്രേഷൻ നടത്താം. രജിസ്ട്രേഷൻ ഫീസ് 750 രൂപ (എസ്.സി/എസ്.ടി വിഭാഗത്തിന് 375 രൂപ).

ഓൺലൈനായാണ് ഫീസടയ് ക്കേണ്ടത്. ഓൺലൈൻ പേമെന്റ് ഗേറ്റ് വേ വഴി അപേക്ഷകർക്ക് ബാങ്കുകളിൽ പോകാതെ ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ച് 24 മണിക്കൂറും ഫീസ് അടയ്ക്കാം . പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട് മെന്റും മെയ് 30ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട് മെന്റ് ജൂൺ ആറിനും രണ്ടാം അലോട് മെന്റ് ജൂൺ 15നും പ്രസിദ്ധീകരിക്കും.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, ഭിന്നശേഷി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിച്ചശേഷം പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ നേരിട്ട് നൽകണം . ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട് . അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിച്ചശേഷം പകർപ്പ് പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ നേരിട്ട് സമർപ്പിക്കണം . ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ് മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി ക്വാട്ടാകളിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

ഭിന്നശേഷി/സ്പോർട്സ്/കൾച്ചറൽ ക്വാട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്ത സീറ്റുകളിലേക്ക് മെയ് 24നകം അപേക്ഷ നൽകണം . ഈ സീറ്റുകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് മെയ് 25ന് പ്രസിദ്ധീകരിക്കും. രേഖകളുടെ പരിശോധന അതത് കോളേജുകളിൽ മെയ് 27, 28 തീയതികളിൽ നടക്കും.

ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി വിപുലമായ സംവിധാനങ്ങൾ സർവകലാശാല ഇൻഫർമേഷൻ സെന്ററുകളിലും ഒരുക്കിയിട്ടുണ്ട് . അക്ഷയ സെന്ററുകൾ വഴിയും ഓൺലൈൻ രജിസ് ട്രേഷൻ നടത്താം . അഫിലിയേറ്റഡ് കോളേജുകളിൽ ഏകജാലക ഹെൽപ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ബിരുദത്തിന് 57,009 സീറ്റ്; ഏറ്റവുമധികം ബി.കോമിന്

മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ മൊത്തം 57,009 ബിരുദ സീറ്റുകളാണുള്ളത്. ക്യാപിലൂടെ 32,264 സീറ്റിലേക്ക് പ്രവേശനം നടക്കും. ഇതുകൂടാതെ 22,852 മാനേജ്മെന്റ് സീറ്റും 1,893 മാനേജ്മെന്റ് ക്വാട്ട സീറ്റുമുണ്ട് . 17 വിവിധ പ്രോഗ്രാമുകളുള്ള ബി .കോമിനാണ് ഏറ്റവുമധികം

സീറ്റ് - 22,424. ക്യാപിലൂടെ 11,866 സീറ്റിലേക്കാണ് പ്രവേശനം. കൂടാതെ 10,249 മാനേജ്മെന്റ് സീറ്റും 309 കമ്മ്യൂണിറ്റി ക്വാട്ടയുമുണ്ട്.

41 വിവിധ പ്രോഗ്രാമുകളുള്ള ബി.എസ്‌സി.യ്ക്ക് 13,264 സീറ്റാണുള്ളത്. ക്യാപ് - 8,261, മാനേജ്മെന്റ് - 4,181, കമ്മ്യൂണിറ്റി ക്വാട്ട - 822 എന്നിങ്ങനെയാണ് സീറ്റ്. 50 വിവിധ പ്രോഗ്രാമുകളുള്ള ബി.എ.യ്ക്ക് മൊത്തം 11,071 സീറ്റാണുള്ളത്. ക്യാപ് - 6,901, മാനേജ്മെന്റ് - 3,131, കമ്മ്യൂണിറ്റി - 639 എന്നിങ്ങനെയാണ് സീറ്റ്. ബി.വോകിന് 286 (ക്യാപ്), 286 (മാനേജ്മെന്റ്) സീറ്റാണുള്ളത്. ബി.സി.എ.യ്ക്ക് 4,040 സീറ്റാണുള്ളത്. ക്യാപ് - 2,077, മാനേജ്മെന്റ് - 1,910, കമ്മ്യൂണിറ്റി - 53 എന്നിങ്ങനെയാണ് സീറ്റ്. ബി.ബി.എ.യ്ക്ക് 4,518 സീറ്റാണുള്ളത്. ക്യാപ് - 2,309, മാനേജ്മെന്റ് - 2,156, കമ്മ്യൂണിറ്റി - 53. ബി.എസ്.ഡബ്ല്യൂ.വിന് 146 സീറ്റാണുള്ളത്. ക്യാപ് - 73, മാനേജ്മെന്റ് - 73. ബി.ബി.എമ്മിന് 290 സീറ്റാണുള്ളത്. ക്യാപ് - 153, മാനേജ്മെന്റ് 133, കമ്മ്യൂണിറ്റി - 4. ബി.പി.എഡിന് 94 സീറ്റാണുള്ളത്. ക്യാപ് - 47, മാനേജ്മെന്റ് - 47. ബി.ടി.ടി.എമ്മിന് 324 സീറ്റാണുള്ളത്. ക്യാപ്-167, മാനേജ്മെന്റ് - 147, കമ്മ്യൂണിറ്റി - 10. ബി.എച്ച്.എമ്മിന് - 120 സീറ്റാണുള്ളത്. ക്യാപ് - 60, മാനേജ്മെന്റ് - 60. ബി.എഫ്.ടി.ക്ക് 128 സീറ്റാണുള്ളത്. ക്യാപ് - 64, മാനേജ്മെന്റ് - 64.

(പി.ആർ.ഒ./39/855/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ